"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര ഗവ.ആയുർവേദ ആശുപത്രിയിൽ നേഴ്സ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അഞ്ജനശ്രീ പി. യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ചിരുന്ന ശൂന്യവേതന അവധിയിൽ ഉപയുക്തമാക്കാത്ത അവധി കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.113/2026/AYUSH    തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:- 1. 01.06.2021 ലെ സ.ഉ.(സാധാ) നം.231/2021/AYUSH.

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31.12.2025 ലെ DISM/2687/2025-E2 നം.കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിൽ തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര ഗവ.ആയുർവേദ ആശുപത്രിയിൽ നേഴ്സ്ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി അഞ്ജനശ്രീ പി. യ്ക്ക് പഠനാവശ്യത്തിനായി 15.12.2020 മുതൽ 14.12.2025 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 അനുസരിച്ച് പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2. ശ്രീമതി. അഞ്ജനശ്രീ.പി. അവധി കഴിഞ്ഞ് 19-08-2025 പൂർവ്വാഹ്നം കടയ്ക്കാവൂർ ഗവ.ആയുർവേദ ആശുപത്രിയിൽ നഴ്സ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പുനപ്രവേശിച്ചിരുന്നതായും ടിയാൾ ഉപയോഗിയ്ക്കാത്ത കാലയളവായ 19.08.2025 മുതൽ 14.12.2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ശ്രീമതി അഞ്ജനശ്രീ.പി. യുടെ അപേക്ഷ പരിഗണിച്ച് ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ

ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി അഞ്ജനശ്രീ പി.19.08.2025-ന് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾക്ക് പരാമർശം (1) പ്രകാരം 15.12.2020 മുതൽ 14.12.2025 വരെ കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി അനുവദിച്ചു നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 19.08.2025 മുതൽ 14.12.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി. അഞ്ജനശ്രീ.പി., നേഴ്സ് ഗ്രേഡ്-2, ഗവ.ആയുർവേദ ആശുപത്രി, കടയ്ക്കാവൂർ, തിരുവനന്തപുരം ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/13/2026-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 27-02-2026 13:49:50